18 (*46) സഹകരണ മേഖലയുടെ നവീകരണം

ശ്രീ. എം.വി. ജയരാജൻ :
ശ്രീ. എം.പി. വർഗ്ഗീസ് :
ശ്രീ. എൻ. കണ്ണൻ :
ശ്രീ. ടി.കെ. നൗഷാദ് :
ശ്രീ. എം. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സഹകരണമേഖലയുടെ നവീകരണത്തിന് സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചുവോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ഇതു സംബന്ധിച്ച ശുപാർശകൾ സമർപ്പിക്കാൻ സമിതികളെ നിയോഗിച്ചുവോ; എങ്കിൽ ഏതെല്ലാം സമിതികളെയാണ് നിയോഗിച്ചതെന്ന് വെളിപ്പെടുത്തുമോ;

(സി) ഏതെല്ലാം സമിതികളാണ് ശുപാർശകൾ സർക്കാരിന് സമർപ്പിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ഡി) നവീകരണ കമ്മിറ്റികളുടെ ശുപാർശകളടങ്ങിയ റിപ്പോർട്ട് മേശപ്പുറത്ത് വയ്ക്കുമോ;

(ഇ) കമ്മിറ്റികളുടെ ഏതെല്ലാം ശുപാർശകളാണ് സർക്കാർ അംഗീകരിച്ചതെന്ന് വെളിപ്പെടുത്തുമോ;

(എഫ്) ഏതെല്ലാം ശുപാർശകൾ സർക്കാർ നടപ്പിലാക്കി എന്ന് വെളിപ്പെടുത്തുമോ;

(ജി) ശുപാർശകൾ എന്നത്തേക്ക് പൂർണ്ണമായി നടപ്പാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ)മുതൽ(ജി)വരെ സഹകരണ മേഖലയുടെ നവീകരണം ഉദ്ദേശിച്ചുകൊണ്ട് നിലവിലുള്ള നിയമത്തിന് സമഗ്രമായ ഭേദഗതി നിർദ്ദേശിച്ചുകൊണ്ട് നിയമസഭയിൽ ബില്ല് അവതരിപ്പിച്ചിട്ടുണ്ട്. ഈ ബില്ല് ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുകയും കമ്മിറ്റി അതിൻമേൽ തെളിവെടുപ്പ് നടത്തിക്കൊണ്ടിരിക്കുകയാണ്.

ഇതിനുപുറമേ സർക്കാർ നിയോഗിച്ച ജില്ലാ സഹകരണ ബാങ്കുകളെക്കുറിച്ച് പഠിക്കുന്നതിന് ശ്രീ. ഇ.വി. കുമാരൻ കമ്മിറ്റിയുടെയും പ്രാഥമിക ക്രെഡിറ്റ് സംഘങ്ങളെക്കുറിച്ച് പഠിക്കുന്നതിന് ശ്രീ. ആർ. പരമേശ്വരപിള്ള കമ്മിറ്റിയുടെയും സഹകരണ ബാങ്കിംഗ് സംവിധാനത്തെക്കുറിച്ച് പഠിക്കുന്നതിന് ശ്രീ. രഞ്ജിത്ത് കമ്മിറ്റിയുടെയും ആശുപത്രിസംഘങ്ങളെക്കുറിച്ച് പഠിക്കുന്നതിന് ശ്രീ. നാരായണൻ കമ്മിറ്റിയുടെയും ശുപാർശകൾ ഓരോന്നും പ്രത്യേകം പ്രത്യേകം പരിശോധിച്ചുകൊണ്ട് അതത് രംഗത്തെ പ്രശ്നങ്ങൾ പരിഹരിക്കത്തക്ക നടപടികൾ സ്വീകരിച്ചുവരികയാണ്.

19 (*47) ഉപഗ്രഹ നഗരങ്ങൾ

ശ്രീ. എളമരം കരീം :
ശ്രീ. പി.ടി. കുഞ്ഞിമുഹമ്മദ് :

LIBRARY ARCHIVES Kerala Legislative Assembly